## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2566 17.08.2017 ൽ മറുപടിയ്ക്ക്**

## ലഹരിപദാർത്ഥങ്ങളുടെ വില്പനയും ഉപയോഗവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഞ്ചാവ് പോലുള്ള ലഹരിപദാർത്ഥങ്ങളുടെ വില്പനയും ഉപയോഗവും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം, കടത്ത്, വിൽപ്പന തുടങ്ങിയവ യുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ആയത് സംസ്ഥാനത്ത് ലഹരി വസ്തു ക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതിന്റെ സൂചനയായി വിലയിരുത്തുന്നു. |
| (ബി) | ഇതു സംബന്ധിച്ച് കഴിഞ്ഞ രണ്ടുവർഷങ്ങളിലായി എത്ര എൻ.ഡി.പി.എസ്. (N.D.P.S.)കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (ബി) | 2015, 2016 വർഷങ്ങളിൽ യഥാക്രമം 1430, 2985 എൻ.ഡി.പി.എസ്. കേസുകളും, 2017 ജൂലൈ മാസം വരെ 2977 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) | മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകും വിധം 1985 ലെ എൻ.ഡി.പി.എസ് ആക്ട് കാലോചിതമായി പരിഷ്കരിക്കുവാൻ കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ ? | (സി) | എൻ.ഡി.പി.എസ് നിയമ പ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വെച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാ വുന്ന ശിക്ഷ 6 മാസം വരെ കഠിന തടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്.<br>ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള മേൽപ്രകാരം ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മയക്കുമരു ന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകും വിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് ആക്ട് കാലോചിതമായി പരിഷ്കരിക്കുവാൻ ശുപാർശ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ